

ജൂൺ – 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

ജൂൺ മാസത്തിൽ കേരളത്തിൽ ഒരു പുതിയ അധ്യയന വർഷം ആരംഭിക്കുകയാണല്ലോ. ഭാരതത്തിലെ മറ്റു പല സംസ്ഥാനങ്ങളിലും അധ്യയന വർഷം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ചില രാജ്യങ്ങളിൽ ചില മാസങ്ങൾ കൂടി കഴിയുമ്പോഴാണ് പുതിയ അധ്യയന വർഷം ആരംഭിക്കുന്നത്. ഈ വർഷം പഠനം ആരംഭിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും അനുമോദിക്കുന്നു. ജിജ്ഞാസയുള്ള നിരന്തര വിദ്യാർത്ഥികളായിരിക്കുന്നവരാണ് മഹാന്മാർ. ആരും ഒരിക്കലും എല്ലാം പഠിച്ചു തീരുന്നില്ല, പഠനം ഒരു തുടർപ്രക്രിയയാണ്. ഇന്ത്യയിലെ വിദ്യാഭ്യാസ രംഗം മാറ്റത്തിന് വിധേയമാകുന്ന ഒരു കാലഘട്ടമാണിത്. പുതിയ വിദ്യാഭ്യാസ നയരേഖാനുസൃതമായിട്ടാണ് പല കോഴ്സുകളിലും പ്രവേശനം. ഇനിയും ഗുണപരമായ മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. കേവലം മാർക്കുകൾ വാരിക്കൂട്ടുന്ന യന്ത്രങ്ങളെ സൃഷ്ടിക്കാതെ മനുഷ്യ നന്മയെ പ്രോജ്ജ്വലിപ്പിക്കുന്ന അനുഭവങ്ങളായി വിദ്യാഭ്യാസം മാറട്ടെയെന്ന് ആശംസിക്കുന്നു.

മേയ് മാസത്തിൽ തന്നെ വേനൽചൂടിനെ ത്തുടർന്ന് അതിതീവ്രമഴയും കേരളത്തിൽ ലഭ്യമായി. കാലാവസ്ഥവ്യതിയാനത്തിന്റെ ദുരനുഭവങ്ങൾ നമ്മൾ നേരിട്ടനുഭവിക്കുന്ന ഒരു കാലഘട്ട മാണിത്. കാലം തെറ്റിയുള്ള മഴ കേരളത്തിലെ ത്തിയപ്പോൾത്തന്നെ ഒരിക്കലും അനുഭവിച്ചിട്ടി ല്ലാത്ത കടുത്ത ചൂടിലൂടെ ഉത്തരേന്ത്യ കടന്നു പോകുന്നു. 122 വർഷങ്ങൾക്കുള്ളിൽ അനുഭവ പ്പെട്ട ഏറ്റവും കൂടിയ ചൂടാണ് ഏപ്രിൽ-മേയ് മാസങ്ങളിൽ ഉത്തരേന്ത്യയിൽ പലയിടത്തും രേഖപ്പെടുത്തിയതെന്ന് ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് അഭിപ്രായപ്പെടുന്നു. ആസാം രൂക്ഷമായ വെള്ളപ്പൊക്കകെടുതിയിലാണ്. ഇന്ത്യയും പാക്കിസ്ഥാനും അടങ്ങുന്ന തെക്കൻ ഏഷ്യയിൽ കാലാവസ്ഥ വ്യതിയാനം ഒരു ജീവൽ പ്രശ്നമായി മാറിയിരിക്കുന്നു. വമ്പിച്ച കൃഷിനാശവും ജനങ്ങളുടെ കൂട്ട പലായനവും ഈ രാജ്യങ്ങളുടെ സാമ്പത്തിക സ്ഥിതി വീണ്ടും താറുമാറാക്കുന്നു. ആഗോളതാപനവും കാലാവസ്ഥവ്യതിയാനവും വരുത്തിവെയ്ക്കുന്ന ഭീകരമായ അനുഭവങ്ങളെ അതിജീവിക്കുവാൻ മനുഷ്യ വംശത്തിന് വരും നാളുകളിൽ കഴിയുമോ എന്ന ചോദ്യം ഇവിടെ വളരെ പ്രസക്തമാണ്.

കാലാവസ്ഥ വ്യതിയാനത്തിന്റെ കാരണങ്ങൾ തേടുന്നവർ മനുഷ്യപ്രവർത്തനങ്ങളിലേക്കു തന്നെയാണ് തിരിയുന്നത്. പ്രകൃതി വിഭവങ്ങളെ ഉപയോഗിച്ച് തീർക്കാനുള്ള മനുഷ്യ ത്വരയിലും പ്രകൃതിയോടുള്ള മനുഷ്യന്റെ നിരുത്തര വാദിത്വപരമായ സമീപനങ്ങളിലും ഇതിന്റെ തായ്‌വേരുകൾ കണ്ടെത്താൻ കഴിയും. അധിനിവേശ ത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ആധുനിക വത്ക്കരണത്തിന്റെയും പുരുഷാധിപത്യത്തി ന്റെയും ജാതിവ്യവസ്ഥയുടെയും മൂല്യങ്ങൾ കൂടിക്കലരുന്ന സാമൂഹ്യ പരിസരമാണ് പ്രകൃതിയുടെ മേലുള്ള അധിനിവേശത്തിന് കളമൊരുക്കുന്നത് എന്ന് നാം മറന്നുപോകരുത്. മണ്ണും മനുഷ്യനും എല്ലാ ജീവജാലങ്ങളും സസ്യലതാദികളും ഒരുമിച്ചുള്ള പാരസ്പരികതയുടെ പാഠങ്ങൾ നാം പഠിക്കേണ്ടിയിരിക്കുന്നു. ജൂൺ 5 ആഗോള പരി സ്ഥിതി ദിനമായി നാം ആചരിക്കുമ്പോൾ ദൈവ സൃഷ്ടിയെ പരിപാലിക്കേണ്ട ഉത്തരവാദിത്വം നമ്മുടെ ഒരു വിശ്വാസ പ്രഖ്യാപനമായിത്തീരണം. പരമാവധി വൃക്ഷത്തൈകൾ വെച്ചു പിടിപ്പിക്കുന്ന തിനും അവയെ പരിപാലിച്ച് വളർത്തുന്നതിനും ഏവരും ശ്രമിക്കണം. അധിനിവേശത്തിന്റെ ആത്മാവല്ല, പ്രത്യുത ജീവനെ പരിപോഷിപ്പിക്കുന്ന ജീവന്റെ ആത്മാവാണ് നമ്മെ ഭരിക്കേണ്ടത് എന്ന് നാം മറന്നുപോകരുത്.

2022 ൽ ഇതിനോടകം 28 നവവൈദീകർ നമ്മുടെ സഭയുടെ വിവിധ ശുശ്രൂഷകളിൽ പ്രവേശിച്ചു. സെമിനാരി വിദ്യാഭ്യാസം പൂർത്തീകരിച്ച 2022 ബാച്ചിലെ വിദ്യാർത്ഥികൾ ശുശ്രൂഷയ്ക്കായി ഒരുക്കപ്പെടുന്നു. ഏറെ സങ്കീർണ്ണമായ ഒരു കാലഘട്ടമാണിത്. ശിഷ്യത്വത്തിന്റെ ഏറ്റം മനോഹര മായ ഒരു പ്രതിബിംബമാണ് പ്രേഷിതവൃത്തി.

എന്നാൽ ഈ ശുശ്രൂഷയിൽ മറ്റ് പല താല്പര്യങ്ങളോടെ പ്രവേശിക്കുന്നവർ തീരെയില്ല എന്ന് പറയാനാവില്ല. വിളിച്ചവന്റെ പിൻഗാമികളായി അന്ത്യം വരെയും നിലനിൽക്കുവാനുള്ള വെല്ലുവിളികൾ ഏറ്റെടുക്കുന്നവർ മാത്രമെ ഈ ശുശ്രൂഷക്കായി വിധേയപ്പെടാവു എന്നോർമ്മിപ്പിക്കുന്നു. ഭവനാന്തരീക്ഷത്തിൽ ശുശ്രൂഷയ്ക്കായി മക്കളെ ഒരുക്കുന്നതിന് മാതാപിതാക്കളും, ഇടവകതലത്തിൽ അവരെ ദൗത്യോന്മുഖരായി രൂപപ്പെടുത്തുന്നതിൽ പട്ടക്കാരും മുൻകൈ എടുക്കണം. സുതാര്യതയും താഴ്മയും ജീവിതവിശുദ്ധിയും നമ്മുടെ പ്രവർത്തനങ്ങളിൽ വിശ്വാസ സമൂഹം പ്രതീക്ഷിക്കുന്നു. "ഞങ്ങൾ ക്രിസ്തുനിമിത്തം ഭോഷന്മാർ; നിങ്ങൾ ക്രിസ്തുവിൽ വിവേകികൾ; ഞങ്ങൾ ബലഹീനർ, നിങ്ങൾ ബലവാന്മാർ; നിങ്ങൾ മഹത്തുക്കൾ, ഞങ്ങൾ മാനഹീനർ അത്രെ (1 കൊരി 4: 10)" എന്ന പൗലോസിന്റെ ചിന്താഗതി പ്രേഷിതവൃത്തിയുടെ മാറ്റ് കൂട്ടും എന്നതിൽ തർക്കമില്ല. എല്ലാവിധ ആശംസകളും അറിയിക്കുന്നു. ഈ വർഷം പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. അർത്ഥവത്തായ ഫലം കായ്ക്കുന്ന വൃക്ഷങ്ങളായി, അനേകർക്ക് തണലായി നിങ്ങളുടെ ശുശ്രൂഷകൾ പരിണമിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഏഴു പതിറ്റാണ്ടുകളിൽ അധികമായി തുടരുന്ന ഇസ്രായേൽ - പാലസ്തീനിയൻ സംഘർഷം ആപത്ക്കരമായ ഒരു തലത്തിലെത്തിയിരിക്കുന്നു എന്നത് ലോകം ഉത്ക്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്. അനേകരുടെ ജീവൻ ഇതിനകം അപഹരിച്ച ഈ സംഘർഷത്തിന് ഒരു അന്തം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. റഷ്യയും യുക്രൈനും തമ്മിലുള്ള യുദ്ധം ആരംഭിച്ചിട്ട് ഏതാണ്ട് മൂന്ന് മാസങ്ങൾ കഴിയുന്നു. ആളും അർത്ഥവും ഏറെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ യുദ്ധം ആഗോള സാമ്പത്തിക ക്രമത്തിന്റെ അടിത്തറയിളക്കിയെന്നു പറയാം. ക്രൂഡോയിൽ വില വർദ്ധനവും ആവശ്യസാധനങ്ങളുടെ ലഭ്യതക്കുറവും സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കി. പതിനായിരക്കണക്കിനാളുകൾ ഇതിനോടകം കൊല്ലപ്പെട്ടു. അനേകർ അഭയാർത്ഥികളായി. എന്തിനീ യുദ്ധം എന്ന് ചോദിക്കാൻ പോലും ആരുമില്ലാത്ത സാഹചര്യം ഈ കാലഘട്ടത്തിന്റെ ദുരവസ്ഥയെ സൂചിപ്പിക്കുന്നു. സാമ്രാജ്യാധിപത്യവും അധികാരഭ്രമവും തലയ്ക്കുപിടിച്ച ഭരണാധികാരികൾ ലോകജനതയെ മുഴുവൻ പ്രതിസന്ധിയിലാക്കുന്നു. ശ്രീലങ്കയിലും നാമിന്നത് ദർശിക്കുന്നു. ലോകത്ത് വിവിധ ഇടങ്ങളിൽ ആഭ്യന്തര കലാപങ്ങളും വംശീയ കലാപങ്ങളും വർദ്ധിക്കുന്നു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. രക്ഷപെടുവാൻ പോലും മാർഗ്ഗമില്ലാതെ കെണിയിലകപ്പെട്ടതുപോലെ കിടക്കുന്ന നിസ്സഹായരായ ജനങ്ങളുമുണ്ട്. ഇവർ നമ്മുടെ മുമ്പിൽ ഉയർത്തുന്ന ചോദ്യങ്ങൾ നിരവധിയാണ്. പ്രത്യാശയുടെയും അനുകമ്പയുടെയും സന്ദേശം ഉയർത്തിപ്പിടിക്കുവാൻ വിശ്വാസികളായ നമുക്ക് സാധിക്കുമോ? യുദ്ധങ്ങൾക്ക് അറുതി വരേണമെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ചിന്ത നമ്മെ സദാ ഭരിക്കണം.

ഇന്ത്യൻ ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും രാഷ്ട്രീയ സമ്മേളനങ്ങൾ രാജസ്ഥാൻ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നടത്തപ്പെട്ടു. ജയ്പൂരിലെ ബി. ജെ. പി സമ്മേളനത്തിന് ശേഷം രാജ്യത്തെ നാണയപ്പെരുപ്പം കുറയ്ക്കുവാനുതകുന്ന ചില സാമ്പത്തിക ക്രമീകരണങ്ങൾ വരുത്തുവാൻ യൂണിയൻ ഗവൺമെന്റ് തീരുമാനിച്ചു എന്നത് പ്രശംസനീയമാണ്. കുതിച്ചുയരുന്ന വിലക്കയറ്റം നിയന്ത്രിക്കുവാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പെട്രോൾ, ഡീസൽ എന്നിവയുടെ വില അല്പം കുറച്ചു എന്നതും അഭിനന്ദനീയം. എന്നാൽ രാജ്യത്ത് വർദ്ധിച്ച് വരുന്ന മത കേന്ദ്രീകൃത ധ്രുവീകരണം നിയന്ത്രിച്ചേ മതിയാകൂ. മതേതരത്വത്തിനും മതസൗഹാർദ്ദത്തിനും നേരെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വരുന്ന വെല്ലുവിളികൾ ഗൗരവമായി കാണേണ്ടതുണ്ട്. ക്രിസ്ത്യൻ ദൈവാലയങ്ങൾ മതമൗലികവാദികൾ ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന പല സംഭവങ്ങൾ കർണ്ണാടകയിൽ നിന്നും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇത് ക്രൈസ്തവരുടെ മാത്രം പ്രശ്നമല്ല. മത, സംസ്കാര, ഭാഷാ ന്യൂനപക്ഷങ്ങൾ ഇന്ന് പൊതുവെ അരക്ഷിതാവസ്ഥയിലാണ് കഴിയുന്നത്. ബഹുസ്വര സമൂഹങ്ങളുടെ കെട്ടുറപ്പിന് ഭൂരിപക്ഷ - ന്യൂനപക്ഷ സമുദായങ്ങൾക്ക് ഒരുപോലെ വളരുവാനും വികസിക്കുവാനുമുള്ള ഇടം ആവശ്യമാണ്. അത്തരമൊരു ദേശമാണ് സ്വാതന്ത്ര്യ സമരകാലത്തും സ്വതന്ത്ര ഭാരതത്തിലും രാജ്യത്തിന്റെ ശിൽപ്പികൾ സ്വപ്നം കണ്ടത്. പൊരുത്തമുള്ള സമൂഹങ്ങളാണ് ഒരു നല്ല രാജ്യത്തിന്റെ അടിത്തറ. ബദൽ ഭരണ സാധ്യതകളെ വിഭാവനം ചെയ്യുവാൻ കോൺഗ്രസ് സമ്മേളനത്തിന് കഴിഞ്ഞോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

പലവിധത്തിൽ പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെ നാം കടന്നുപോകുമ്പോൾ നമ്മുടെ നിലപാടുകളും ജീവിതശൈലികളും വിശ്വാസത്തിന്റെ പ്രതിഫലനമായി കാണുകയും സാക്ഷ്യത്തിന്റെ സംവേദനത്തിന് സഹായകരമാകുകയും ചെയ്യണം. കോവിഡാനന്തര കാലത്ത് ആഘോഷങ്ങൾക്ക് കൊഴുപ്പുകൂട്ടുവാൻ അമിതവ്യയം ചെയ്യുന്നത് ഭൂഷണമല്ല. പ്രത്യേകിച്ച് ഇടവകകളുടെ ജൂബിലി, ശതാബ്ദി ആദിയായ അവസരങ്ങളിൽ ആഘോഷങ്ങൾ പരിമിതപ്പെടുത്തി ദൈവനാമ മഹത്വത്തിനും ജനനന്മയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കണം. വിവാഹം, മാമോദീസ, ശവസംസ്ക്കാരം ആദിയായ അവസരങ്ങളിലും മിതവ്യയം ശീലിക്കുവാൻ ഏവരും ശ്രദ്ധിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം

മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ജീവന ഇടങ്ങളെയും, ദർശന ലോകത്തെയും, സാമൂഹ്യ പരിസരങ്ങളെയും, ദൗത്യമേഖലകളെയും, വരും തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ക്രമീകരിച്ച പ്രഥമ സ്മാരകപ്രഭാഷണം 2022 മേയ് 1 ന് തിരുവനന്തപുരം പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ശ്രീ. രാജൻ ഗുരുക്കൾ മുഖ്യപ്രഭാഷണം നടത്തി. അഭി. മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് മാർ ക്ലിമീസ്സ് കാതോലിക്ക ബാവ തിരുമേനി ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിന് വേദിയൊരുക്കിയ പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയോടുള്ള നന്ദി അറിയിക്കുന്നു.

ചെന്നൈ – ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മെത്രാപ്പോലീത്തായ്ക്ക് ക്രമീകരിച്ച സ്വീകരണ അനുമോദന സമ്മേളനത്തിൽ സംബന്ധിച്ചത് വളരെ ഹൃദ്യമായിരുന്നു. ചെന്നൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിവിധ സഭാ മേലദ്ധ്യക്ഷന്മാർ തങ്ങളുടെ സാന്നിദ്ധ്യവും ആശംസകളും അറിയിച്ചു. വളരെയേറെ മിഷൻ കേന്ദ്രങ്ങളുള്ള ഈ ഭദ്രാസനത്തിലൂടെ, പ്രതികൂല സാഹചര്യങ്ങളുടെ മദ്ധ്യത്തിലും, തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ നമ്മുടെ സഭയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വളർച്ചയ്ക്കായും വ്യാപ്തിക്കായും ദൈവത്തെ സ്തുതിക്കാം. സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് പ്രാദേശിക ഇടങ്ങളിൽ പദ്ധതികൾ രൂപപ്പെടുത്തണം, കുട്ടികളുടെയും സ്ത്രീസമൂഹത്തിന്റെയും സമഗ്ര വികസനത്തിനായി പ്രോഗ്രാമുകൾ ക്രമീകരിക്കണം. യുവജനങ്ങൾ സഭയുമായി ബന്ധപ്പെട്ടും വിശ്വാസധാരയിൽ നിലനിന്നും വളരുവാൻ അവസരങ്ങൾ ഒരുക്കണം സഭയുടെ ആകമാന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായ പങ്കാളിത്തം നല്കി ദൈവരാജ്യ വ്യാപനത്തിനായി യത്നിക്കുവാൻ ഏവരും ശ്രമിക്കണം.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250–ാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ സംബന്ധിക്കുവാൻ ഇടയായി. വിദേശ സമ്മർദ്ദങ്ങൾക്ക് കീഴടങ്ങാതെ തദ്ദേശിയ സഭയായി നിലനിൽക്കുവാൻ ഈ സഭയ്ക്ക് സാധിച്ചു. ഒരു കാലത്തും അപ്രസക്തമാക്കുവാൻ കഴിയാത്ത ചരിത്രപരമായ ബന്ധമാണ് മാർത്തോമ്മാ സഭയ്ക്ക് മലബാർ സ്വതന്ത്ര സുറിയാനി സഭയുമായുള്ളത്. മലങ്കര മാർത്തോമ്മാ സഭയ്ക്ക് മേല്പട്ടക്കാരില്ലാഞ്ഞ സാഹചര്യം സംജാതമായപ്പോൾ തീത്തൂസ് പ്രഥമൻ മെത്രാപ്പോലീത്തായെ കോട്ടയത്തെത്തി വാഴിച്ചത് തൊഴിയൂർ മെത്രാപ്പോലീത്താമാരാണ്. പരസ്പരം മേലദ്ധ്യക്ഷന്മാരെ വാഴിക്കുന്ന സഹോദരി സഭകളായി നിലനില്ക്കുവാനും തുടരുവാനും ഇരുസഭകൾക്കും സാധിക്കുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സാന്നിദ്ധ്യം മലങ്കര സഭയ്ക്കാകമാനം അനുഗ്രഹകരമായിത്തീരുവാൻ സർവ്വേശ്വരൻ തുടർന്നും സംഗതിയാക്കട്ടെയെന്ന് പ്രാർത്ഥിക്കാം. മുളന്തുരുത്തിയിലുള്ള മലങ്കര സിറിയൻ ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരിയുടെ കോൺവക്കേഷനിൽ സംബന്ധിച്ച് പ്രഭാഷണം നടത്തുന്നതിന് സാധിച്ചു. യാക്കോബായ സഭയും മാർത്തോമ്മാ സഭയും തമ്മിലുള്ള നല്ല ബന്ധം അഭംഗുരം നിലനിർത്തി കൊണ്ടുപോകുവാൻ വരും നാളുകളിലും ഇടയാകട്ടെയെന്ന് ആഗ്രഹിക്കുന്നു.

മാർത്തോമ്മാ മെഡിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന നമ്മുടെ ചുങ്കത്തറ മാർത്തോമ്മാ മിഷൻ ഹോസ്പിറ്റലിൽ ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന തങ്കമ്മ ഇത്താപ്പിരി മെമ്മോറിയൽ ട്രസ്റ്റിന്റെ സഹായത്തോടെ പണികഴിപ്പിച്ച പുതിയ കെട്ടിട സമുച്ചയത്തിന്റെയും അത്യാധുനിക ചികിത്സാ സംവിധാനങ്ങളുടെയും ഉദ്ഘാടനം നിർവ്വഹിക്കുവാൻ സാധിച്ചു. ട്രസ്റ്റിന്റെ ട്രഷറാർ ശ്രീ. അജിത്ത് ഐസക്കിനോടുള്ള നന്ദി സഭയുടെ പേരിൽ അറിയിക്കുന്നു. ഈ ആധുനിക വികസന സംരംഭങ്ങൾ ചുങ്കത്തറ ആശുപത്രിയുടെ വളർച്ചയിൽ ഒരു പുത്തൻ നാഴികക്കല്ലായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ഗിലയാദ് കെയർ ഹോം' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിന് ഇടയായി. അതിന്റെ ഉദ്ഘാടനവും കെട്ടിട സമുച്ചയത്തിന്റെ അടിസ്ഥാന ശില ആശീർവ്വദിക്കലും നിർവ്വഹിച്ചു. തെള്ളിയൂർ ശാലേം ഇടവകാംഗം തട്ടയ്ക്കാട്ടിൽ പീസ് കോട്ടേജിൽ ശ്രീ. റോൺസി മത്തായിയും സഹധർമ്മിണി ശ്രീമതി ലൗലി ആനി കോശിയും മല്ലപ്പള്ളി ചേർത്തോട് ജംഗ്ഷന് സമീപം ദാനമായി നല്കിയ 52 ആർ സ്ഥലത്താണ് ഈ പദ്ധതി ആരംഭിക്കുന്നത്. റോൺസി – ലൗലി ദമ്പതികളോടുള്ള നന്ദി അറിയിക്കുന്നു. ആതുര സേവന രംഗത്ത് പുത്തൻ പ്രതീക്ഷയുടെ തിരിനാളമായി ഈ സ്ഥാപനം ശോഭിക്കട്ടെയെന്ന് ആശംസിക്കുന്നു. വിവിധ ഇടങ്ങളിൽ സഭയുടെ പൊതുപ്രവർത്തനങ്ങൾക്ക് വേണ്ടി ഇത്തരത്തിൽ സ്ഥലം വിട്ടുനല്കുവാൻ കൂടുതൽ ആളുകൾ താല്പര്യപ്പെടുന്നു എന്നത് ശ്ലാഘനീയമാണ്. ഇത് സഭയുടെ കരുതൽ ശുശ്രൂഷകൾക്കും ജനനന്മയ്ക്കുതകുന്ന വികസനപ്രവർത്തനങ്ങൾക്കും ഉപയുക്തമാക്കാവുന്നതാണ്.

2022 മേയ് 29 ന് ഈ വർഷത്തെ മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന് ആരംഭം കുറിച്ചു. Faith Assets in Changing Times എന്നതാണ് പ്രധാന ചിന്താവിഷയം. കോട്ടയം മാർത്തോമ്മാ വൈദീക സെമിനാരിയിലും, മാർത്തോമ്മാ ഹയർസെക്കൻഡറി സ്ക്കൂളിലുമായി നടത്തപ്പെടുന്ന പ്രസ്തുത കോൺഫറൻസിന് കോട്ടയം സെന്റർ ആതിഥ്യം അരുളുന്നു. കഴിഞ്ഞ നാളുകളിൽ സഭയിലും സമൂഹത്തിലും നല്ല നേതൃത്വത്തെ രൂപപ്പെടുത്തുന്നതിൽ സ്ററുഡന്റ്സ് കോൺഫറൻസ് വലിയ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. വിശ്വാസ സംരക്ഷകരുടെ എണ്ണം കൂടുകയും വിശ്വാസം പ്രാവർത്തികമാക്കുന്നവരുടെ എണ്ണം വല്ലാതെ കുറയുകയും ചെയ്യുന്ന ഈ നാളുകളിൽ വിശ്വാസം കൈമുതലാക്കുന്ന ഒരു യുവതലമുറയെ സജ്ജമാക്കുവാൻ കോൺഫറൻസിലൂടെ സർവ്വേശ്വരൻ

സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ അന്തരിച്ചു. ഒരു രാജ്യത്തിന്റെ ഭരണാധികാരി എന്ന നിലയിൽ ശക്തമായ തീരുമാനങ്ങളിലൂടെയും, മാറ്റങ്ങൾക്കായുള്ള ആഹ്വാനത്തിലൂടെയും, സഹിഷ്ണുതയുടെ പുതിയ പാതയിലൂടെയും യു. എ. ഇ യെ പുരോഗതിയിലേക്ക് നയിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പ്രവാസികളോടും ഇതരമതസ്ഥരോടും, സ്ത്രീ സമൂഹത്തോടും ഉദാര സമീപനം പുലർത്തുവാൻ അദ്ദേഹത്തിനായി. ആ രാജ്യത്തിന്റെ ദുഖത്തിൽ പങ്ക് ചേരുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. യു. എ. ഇ. യുടെ പുതിയ പ്രസിഡന്റായി ചുമതലയേറ്റ ഷെയ്ഖ് മുഹമ്മദ് ബിൻ സയീദ് അൽ നഹ്യാന് സഭയുടെ നാമത്തിൽ എല്ലാവിധ ആശംസകളും അറിയിക്കുന്നു. നമ്മുടെ സീനിയർ പട്ടക്കാരിൽ ഒരാളായ റവ. ചാക്കോ പി. ജേക്കബ് പട്ടമുക്കിൽ നിര്യാതനായി. അച്ചൻ ഒരു ഉത്തമ ശുശ്രൂഷകനും, തികഞ്ഞ കായിക പ്രേമിയുമായിരുന്നു. വെല്ലൂർ ഗൈഡൻസ് സെന്ററിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്ക് അച്ചൻ സ്തുത്യർഹമായ നേതൃത്വം നല്കി. അച്ചനും കുടുംബവും ദീർഘ വർഷങ്ങൾ അനേകം ഇടവകകളിൽ അനുഗൃഹിത ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്. അച്ചന്റെ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു. അച്ചന്റെ ദേഹ വിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

ലോകരക്ഷകനായ യേശു ക്രിസ്തുവിന്റെ ഐഹിക ജീവിതകാലത്ത് ജീവിച്ചിരുന്നവരും അവിടുത്തെ പുനരുത്ഥാനത്തിന് സാക്ഷികളും, ദൈവരാജ്യശുശ്രൂഷയിൽ പങ്കുകാരുമായ അപ്പോസ്തോലന്മാരെ സഭ ഓർക്കുന്ന സമയമാണ് ശ്ലീഹാനാൾ. കർത്താവ് നിയോഗിച്ചവരാണ് ശ്ലീഹന്മാരുടെ സമൂഹം. കർത്താവിന്റെ ശരീരമാകുന്ന സഭയുടെ കർത്തൃത്വം ശ്ലീഹന്മാരിലാണ് ആദിമസഭ മുതല്ക്കേ നിക്ഷിപ്തമായിരിക്കുന്നത്. ശ്ലീഹന്മാരുടെ ജീവിതചര്യയുടെ ഫലം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുന്നതിന് ഈ നാളുകൾ നമ്മെ സഹായിക്കട്ടെ.

സഭ പെന്തിക്കുസ്തി കാലത്തേക്ക് പ്രവേശിക്കുകയാണല്ലോ. വ്യത്യസ്ത ദൗത്യ ഉൾച്ചേരലുകളെക്കുറിച്ചാണ് ഈ സന്ദർഭങ്ങളിൽ നാം വായിക്കുന്നതും ധ്യാനിക്കുന്നതും. ജൂൺ അഞ്ചാം തീയതി ഞായർ പെന്തക്കുസ്തി പെരുന്നാൾ ആണ്. അന്നേ ദിവസം യോഹന്നാൻ 16: 6–16 ആണ് വിശുദ്ധ ഏവൻഗേലിയോൻ. പരിശുദ്ധാത്മാവ് ദൈവത്തിന്റെ വാഗ്ദത്തവും സത്യദൈവത്തിന്റെ സജീവ സാന്നിധ്യവുമാണ്. സകല സത്യത്തിലേക്കും വഴി നടത്തുന്ന ആത്മാവാണ് പരിശുദ്ധാത്മാവ്. ആവിർഭവിച്ചുവരുന്ന സാഹചര്യങ്ങളിൽ യേശുവിന്റെ വചന സന്ദേശങ്ങളുടെ സാംഗത്യവും പൊരുളും വ്യക്തമാക്കി തരുന്നത് പരിശുദ്ധാത്മാവാണ്. ധാർമിക വിശുദ്ധിയുള്ള ജീവിതത്തിലൂടെ കൂടുതൽ ദൈവാനുഭവങ്ങളിലേക്ക് പരിശുദ്ധാത്മാവ് വിശ്വാസികളെ നയിക്കുകയും ചെയ്യുന്നു.

ജൂൺ 12 ഞായർ ത്രിത്വ ഞായറായി ആചരിക്കുന്നു. അന്ന് പരിസ്ഥിതി ഞായറായും കൊണ്ടാടുന്നു. എല്ലാകാലത്തെക്കാളും പരിസ്ഥിതി ഒരു ആത്മീയ വിഷയമായി തീർന്നിരിക്കുന്നു. ദൈവിക വീണ്ടെടുപ്പു ചരിത്രത്തിന്റെ അടിസ്ഥാനമാണ് പരിശുദ്ധ ത്രിത്വം. പിതാവായ ദൈവം പുത്രനോടു കൂടെ സൃഷ്ടി നടത്തിയപ്പോൾ ആത്മാവ് അതിൽ വ്യാപരിച്ചു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ ആണ് എന്നും അവ ദൈവപുത്രരുടെ വെളിപ്പാടിനായി കാത്തിരിക്കുന്നു എന്നും വി. പൗലോസ് ശ്ലീഹ പ്രസ്താവിക്കുന്നു. ആത്മാവ് എന്ന ആദ്യ ദാനം ലഭിച്ചവരാണ് ദൈവപുത്രന്മാർ. സ്രഷ്ടാവും വീണ്ടെടുപ്പുകാരനും ആയ ദൈവം പരിശുദ്ധാത്മാവിലൂടെ തന്റെ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുന്നു. സൃഷ്ടിയുടെ സമഗ്രതക്കു വേണ്ടി ഉൾചേരുവാൻ ഈ ത്രിത്വ ഞായർ നമ്മെ സഹായിക്കട്ടെ.

ജൂൺ 19 ഞായറാഴ്ച 'ശിഷ്യത്വം ക്രിസ്താനുഭവത്തിലേക്കുള്ള വിളി' എന്ന വിഷയം ധ്യാനിക്കുന്നു (വി. മർക്കോസ് 3:13–19). തന്നോടുകൂടെ ഇരിക്കുവാനും പ്രസംഗിക്കേണ്ടതിനു അയക്കുവാനും ഭൂതങ്ങളെ പുറത്താക്കുവാനും ആണ് ശിഷ്യരെ വിളിച്ചത്. കർത്താവിനോടു കൂടെ ഇരിക്കുന്നതിനാൽ സമഗ്രമായ രൂപാന്തരമാണ് വ്യക്തികൾക്കുണ്ടാകുന്നത്. താൻ വിളിച്ച ശിഷ്യരിൽ പലർക്കും കർത്താവ് നൽകിയ പുതിയ പേരുകൾ ശ്രദ്ധേയമാണ്. ക്രിസ്തുവിനോടൊപ്പമുള്ള തുടർ വാസമാണ് ദൈവാനുഭവത്തിന്റെ അടിസ്ഥാനം. ഈ ദൈവാനുഭവവും രൂപാന്തരവുമാണ് ശിഷ്യത്വത്തിന്റെ സാധൂകരണം.

ജൂൺ 26 ഞായറാഴ്ച 'ദൈവജനത്തിന്റെ ശുശ്രൂഷയും മാതൃകയും' എന്ന വിഷയം ധ്യാനിക്കുന്നു. ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിനു ജീവിത നടപടികൾ ശ്രദ്ധിക്കേണ്ടതുണ്ട്. സകലത്തിന്റെ മേലും അധികാരം ഉള്ള ദൈവം കൂടെ ഉണ്ട് എന്നതാണ് വിശ്വാസ ജീവിതത്തിന്റെ ആത്മ വിശ്വാസം. സകല ജനതകളെയും സ്നാപനപ്പെടുത്തി, ശിഷ്യത്വത്തിലേക്കു വളർത്തിയെടുക്കുവാൻ സഭയ്ക്ക് നിയോഗം ഉണ്ട്. വചനത്തിന്റെ പ്രായോഗികതകൊണ്ട് മറ്റുള്ളവർക്ക് മാതൃകയാകാൻ സഭ നിയോഗിക്കപെട്ടിരിക്കുന്നു. പരിശുദ്ധാത്മ ശക്തീകരണത്താൽ ആണ് ഈ സാക്ഷ്യം സാധ്യമാകുന്നത്.

നമ്മുടെ കർത്താവേശുമ്ശിഹായുടെകൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ •



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പൂലാത്തീൻ
30. 05. 2022